*Published as Kerala Gazette No. 17 dated 23 rd April 1996.

1995 – ലെ 17–ാം ആക്ററ്

# 1990 – ലെ കേരള വനിതാ കമ്മീഷൻ ആക്ററ്

കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും
സ്ത്രീകളെ ബാധിക്കുന്ന നീതിരഹിതമായ നടപടികളെകുറിച്ച്
അന്വേഷിക്കുന്നതിനുമായി ഒരു വനിതാ കമ്മീഷൻ രൂപീകരിക്കുന്നതിനും
അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും
വേി വ്യവസ്ഥ ചെയ്യുന്നതിനുളള
ഒരു
ആക്ററ്

***പീഠിക*** – കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളെ ബാധിക്കുന്ന നീതിരഹിതമായ നടപടികൾ അന്വേഷിക്കുന്നതിനുമായ ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേി വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കുകയാൽ

ഇന്ത്യൻ റിപ്പബ്ലിക്കിൻെറ നാൽപ്പത്തിരാം സംവൽസരത്തിൽ താഴെപറയും പ്രകാരം നിയമമുാക്കുന്നു

1. ***ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും*** – (1) ഈ ആക്ററിന് 1991 – ലെ കേരള വനിതാ കമ്മീഷൻ ആക്ററ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസററ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. ***നിർവ്വചനങ്ങൾ*** – ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം –

(എ) "കമ്മീഷൻ'' എന്നാൽ 5 –ാം വകുപ്പിൻകീഴിൽ, രൂപീകരിക്കപ്പെടുന്നകമ്മീഷൻ എന്ന് അർത്ഥമാകുന്നു

(ബി) "ഡയറക്ടർ" എന്നാൽ 12 –ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഡയറക്ടർ എന്ന് അർത്ഥമാകുന്നു

(സി) "സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(ഡി) "അംഗം" എന്നതിന് കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൻ ഉൾപ്പെടുന്നതുമാകുന്നു.

(ഇ) "ആൾ" എന്നതിൽ ഒരു ഫേം, കമ്പനി, കോർപ്പറേഷൻ അല്ലെങ്കിൽ ഏതെങ്കിലും പൊതുസംരംഭം, വ്യക്തികളുടെ സംഘടന അല്ലെങ്കിൽ സർക്കാരും, സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന ഏജൻസികളുൾപ്പെടെയുളള അതിൻെറ ഏജൻസികളും ഉൾപ്പെടുന്നു

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു

(ജി) "പബ്ലിക് സെർവ്വൻറ്'' എന്നാൽ സർക്കാരിൻെറയോ ഒരു ലോക്കൽ ബോഡിയുടെയോ അല്ലെങ്കിൽ സർക്കാരിൻെറ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉളള ഏതെങ്കിലും കോർപ്പറേഷനിലെയോ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ ഏജൻസിയിലെയോ അല്ലെങ്കിൽ ഏതെങ്കിലും പൊതു സംരംഭങ്ങളിലെയോ ഏതെങ്കിലും ജീവനക്കാരൻ എന്നർത്ഥമാകുന്നു

(എച്ച്) "രജിസ്റ്റർ ചെയ്യപ്പെട്ട'' എന്നാൽ ഈ ആക്ററിൻകീഴിൽ കമ്മീഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട എന്നർത്ഥമാകുന്നു.

(ഐ) "നീതിരഹിതമായ നടപടി'' എന്നാൽ ഭരണഘടനാപരമായ മൗലീകാവകാശങ്ങളുടെയോ മനുഷ്യാവകാശങ്ങളുടെയോ അല്ലെങ്കിൽ രാഷ്ട്രീയ– സാമ്പത്തിക– സാമുദായിക– സാംസ്ക്കാരിക, ഭരണമേഖലകളിലേ മറേറതെങ്കിലും മേഖലകളിലോ ഉളള മൗലീക സ്വാതന്ത്ര്യത്തിൻെറയോ അംഗീകാരം, സ്ത്രീകൾ, അവ അനുഭവിക്കുന്നത് അല്ലെങ്കിൽ വിനിയോഗിക്കുന്നത്, ക്ഷയിപ്പിക്കുക, അല്ലെങ്കിൽ നിരർത്ഥകമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുളള അല്ലെങ്കിൽ തത്ഫലം ഉളവാകുന്ന, ലിംഗത്തിൻെറ അടിസ്ഥാനത്തിലുളള, ഏതൊരു വിവേചനമോ ഒഴിവാക്കലോ നിയന്ത്രണമോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുളള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളാലോ അവയിൻകീഴിലോ വനിതകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഏതെങ്കിലും അവകാശത്തിൻെറയോ ആനുകൂല്യത്തിൻെറയോ ലംഘനമോ അല്ലെങ്കിൽ വനിതകളുടെ നേർക്കുളള ശാരീരികമോ മാനസികമോ ആയ പീഡനമോ ലൈംഗീക അതിക്രമമോ എന്നർത്ഥമാകുന്നു.

3. ***ചില സംഗതികളിൽ ആക്ററ് ബാധകമല്ലെന്ന്*** – ഈ ആക്ററ് –

(i) കേന്ദ്ര സർക്കാരിന്, അല്ലെങ്കിൽ

(ii) കേന്ദ്ര സർക്കാരിൻെറ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അല്ലെങ്കിൽ കേന്ദ്രസർക്കാരിൻെറ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ കേന്ദ്രസർക്കാരിനാൽ നേരിട്ട് ചെലവ് വഹിക്കപ്പെടുന്നതോ ആയ മറേറതെങ്കിലും സ്ഥാപനങ്ങൾക്ക് ബാധകമാകുന്നതല്ല.

4. ***മററ് നിയമങ്ങൾ ബാധകമാക്കുന്നതിന് തടസമില്ലെന്ന്*** – ഈ ആക്ററിലെ വ്യവസ്ഥകൾ, മററുവിധത്തിൽ വ്യവസ്ഥചെയ്ത പ്രകാരമൊഴികെ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ഈ ആക്ററിലെ വ്യവസ്ഥകളുമായി അസംഗതമല്ലാത്തിടത്തോളം അങ്ങനെയുള്ള മററു നിയമത്തിനുപുറമേയും അതിനു ദോഷകരമല്ലാത്ത വിധത്തിലുമായിരിക്കുന്നതാണ്.

5. ***കമ്മീഷൻെറ രൂപീകരണം*** – (എ) ഈ ആക്ററിൻെറ ആവശ്യത്തിന് സംസ്ഥാന സർക്കാർ, ഗസററ് വിജ്ഞാപനം വഴി, കേരള വനിതാകമ്മീഷൻ എന്നറിയപ്പെടേ, സർക്കാർ നിയമിക്കുന്ന ഒരു ചെയർപേഴ്സണും ആറിൽ കൂടുതലല്ലാത്ത മററ് അംഗങ്ങളും, ഉൾപ്പെടുന്ന ഒരു കമ്മീഷൻ രൂപീകരിക്കേതും അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടുന്ന ഒരു വനിത ആയിരിക്കേതുമാണ്.

(ബി) **ചെയർപേഴ്സൺ** – സ്ത്രീകളുടെ കാര്യങ്ങൾക്കായി അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വേത്ര അറിവും പ്രായോഗികപരിജ്ഞാനവും ഉായിരിക്കുകയും ചെയ്യുന്ന ശ്രേഷ്ഠയായ ഒരു വനിത ആയിരിക്കേതാണ്.

(സി) കമ്മീഷനിലെ അംഗങ്ങൾ – സ്ത്രീകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതു സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ച് മതിയായ അറിവോ പരിചയമോ ഉള്ളവരോ അവ കൈകാര്യം ചെയ്യുന്നതിൽ പാടവം പ്രകടിപ്പിച്ചിട്ടുള്ളവരോ ആയ പ്രാപ്തരും സത്യസന്ധരും ബുദ്ധിശാലികളും സ്ഥിരപ്രതിഷ്ഠനേടിയവരും ആയിരിക്കേതാണ്.

6. ***അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും സേവനവ്യവസ്ഥകളും***

(1) ഓരോ അംഗവും അഞ്ചുവർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേതാണ്.

(2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, –

(i) ഒരംഗത്തിന് സർക്കാരിനെ അഭിസംബോധന ചെയ്തുകൊുള്ള തൻെറ കൈപ്പടയിലുള്ള കത്തുമുഖേന ഏതൊരു സമയത്തും തൻെറ ഉദ്യേഗം രാജിവയ്ക്കുകയോ;

(ii) 11–ാം വകുപ്പിലെ വ്യവസഥകൾക്ക് അനുസൃതമായി ഒരംഗത്തെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) (2)–ാം ഉപവകുപ്പു പ്രകാരം കമ്മീഷനിലെ ഏതെങ്കിലും അംഗം രാജിവയ്ക്കുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്നതുമൂലമോ മറേറതെങ്കിലും കാരണത്താലോ ഉാകുന്ന ഒരു ഒഴിവ് 5–ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് നികത്തേ താണ്.

എന്നാൽ, അപ്രകാരം നിയമിക്കപ്പെടുന്ന ഒരാൾ, അയാൾ ഏതാളിൻെറ സ്ഥാനത്തേക്കാണോ നിയമിതനായത് ആ ആളിൻെറ ശേഷിക്കുന്ന കാലയളവുവരെ ഉദ്യോഗം വഹിക്കേതാണ്.

(4) അംഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ശമ്പളവും മററ് അലവൻസുകളും വാങ്ങേതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനവ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെടുന്നതുമാണ്

എന്നാൽ അപ്രകാരമുള്ള സേവനവ്യവസ്ഥകൾ, ഒരംഗത്തിൻെറ നിയമനത്തിനുശേഷം, അയാളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ മാററം വരുത്താവുന്നതല്ല.

7. ***കോറം*** – കമ്മീഷൻെറ ഒരു യോഗത്തിൻെറ കോറം നാല് ആയിരിക്കേതാണ്.

8. – (1) കമ്മീഷൻെറ യോഗത്തിൽ ചെയർപേഴ്സനോ അവരുടെ അസാന്നിദ്ധ്യത്തിൽ ഹാജരുള്ള അംഗങ്ങൾ ഈ ആവശ്യത്തിലേക്ക് തെരഞ്ഞെടുക്കുന്ന ഒരംഗമോ അദ്ധ്യക്ഷം വഹിക്കേതാണ്.

(2) കമ്മീഷൻെറ ഒരു യോഗത്തിൽ പരിഗണിക്കപ്പെടേ എല്ലാ പ്രശ്നങ്ങളും, ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ ചെയർപേഴ്സണ് അല്ലെങ്കിൽ അദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് ഒരു രാം

വോട്ടോ നിർണ്ണായകവോട്ടോ രേഖപ്പെടുത്താവുന്നതാണ്.

(3) കമ്മീഷന്, ആവശ്യമുണ്ടെന്ന് അത് കരുതുന്നപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ആവശ്യങ്ങൾക്കും അങ്ങനെയുള്ള നിബന്ധനകളിൻമേലും, ഒരു പ്രത്യേക വിഷയത്തിൽ വിദഗ്ദ്ധ അറിവുള്ള ഏതൊരാളെയും, ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിന് കമ്മീഷനെ സഹായിക്കാനായി യോഗത്തിൽ ഹാജരാകാൻ ക്ഷണിക്കാവുന്നതും എന്നാൽ അങ്ങനെയുള്ളയാളിന് വോട്ട് ചെയ്യാൻ അവകാശമുായിരിക്കുന്നതല്ലാത്തതുമാകുന്നു.

9. ***അഡ്ഹോക്ക് കമ്മിററിയുടെ രൂപീകരണം*** – (1) കമ്മീഷനെ അതിൻെറ മുമ്പാകെയുള്ള ഏതൊരു സംഗതിയുടെയും നടത്തിപ്പിൻെറ ആവശ്യത്തിനോ ഏതെങ്കിലും പ്രത്യേക വിഷയം സംബന്ധിച്ചോ,–

(എ) കമ്മീഷനിലെ രിൽ കവിയാതെയുള്ള അംഗങ്ങളും:

(ബി) കമ്മീഷൻെറ മുമ്പാകെയുള്ള പ്രത്യേക വിഷയത്തിലെ രിൽ കവിയാതെയുള്ള വിദഗ്ദ്ധരും, ഉൾക്കൊള്ളുന്ന ഒരു അഡ്ഹോക്ക് കമ്മിററി രൂപീകരിക്കാവുന്നതാണ്.

(2) ചെയർപേഴ്സൻ കമ്മിററിയിലെ അംഗമാണെങ്കിൽ ചെയർപേഴ്സനോ, മറേറതെങ്കിലും അംഗമോ കമ്മിററിയുടെ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേതാണ്.

(3) കമ്മിററിയുടെ യോഗങ്ങൾക്ക് 7–ാം വകുപ്പിലേയും 8–ാം വകുപ്പിലേയും 20–ാം വകുപ്പിലേയും വ്യവസ്ഥകൾ ആവശ്യമായ മാററങ്ങളോടെ ബാധകമാകുന്നതാണ്.

(4) അഡ്ഹോക്ക് കമ്മിററിയുടെ അന്തിമ റിപ്പോർട്ട് കമ്മിഷൻ മുൻപാകെ അതിൻെറ അംഗീകാരത്തിനായി വയ്ക്കേതും അത് കമ്മീഷൻ അംഗീകരിക്കുന്നതിൻമേൽ കമ്മിഷൻെറ റിപ്പോർട്ടായി കരുതപ്പെടേതുമാണ്.

(5) അഡ്ഹോക്ക് കമ്മിററിയിലെ ആളുകൾക്ക് നിർണ്ണയിക്കപ്പെടാവുന്ന വേതനം നൽകേതാണ്.

10. ***ഏതെങ്കിലും ന്യൂനതയോ ഒഴിവു മുതലായവയോമൂലം കമ്മീഷൻെറ നടപടികൾ അസാധുവാകുന്നതല്ലെന്ന്*** :

കമ്മീഷൻെറ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനത അല്ലെങ്കിൽ ക്രമക്കേട് ഉണ്ടെന്ന കാരണത്താലോ ഏതെങ്കിലും ഒരു അംഗത്തിൻെറ ഔദ്യോഗിക സ്ഥാനത്തിൽ ഏതെങ്കിലും ഒഴിവ് ഉായിരിക്കുന്നു എന്ന കാരണത്താലോ മാത്രം, കമ്മീഷൻെറ യാതൊരു പ്രവർത്തിയോ അല്ലെങ്കിൽ നടപടിയോ അസാധുവാക്കപ്പെടുന്നതല്ല.

11. ***അംഗങ്ങളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യൽ***– കമ്മീഷനിലെ ഏതൊരംഗത്തെയും, അയാൾ –

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ:

(ബി) സദാചാരവിരുദ്ധ കുററത്തിൽപ്പെടുന്ന ഒരു കുററത്തിൻമേൽ കുററസ്ഥാപനം ചെയ്യപ്പെട്ട് ശിക്ഷിക്കപ്പെടുകയോ;

(സി) ചിത്തഭ്രമമുള്ളവനായിത്തീരുകയോ;

(ഡി) പ്രവർത്തിക്കുന്നതിന് വിസമ്മതിക്കുകയോ പ്രവർത്തിക്കാൻ കഴിവില്ലാത്തവനായിത്തീരുകയോ;

(ഇ) കമ്മീഷൻെറ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ, ഹാജരാകാതിരിക്കുന്നതിനുള്ള കമ്മീഷൻെറ അനുമതി കൂടാതെ ഹാജരാകാതിരിക്കുകയോ;

(എഫ്) ഔദ്യേഗികസ്ഥാനത്ത് തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമാകുംവിധം അയാൾ ചെയർപേഴ്സൻെറയോ അംഗത്തിൻെറയോ നിലയിലുള്ള സ്ഥാനം, സർക്കാരിൻെറ അഭിപ്രായത്തിൽ ദുരുപയോഗപ്പെടുത്തുകയോ; ചെയ്യുന്നപക്ഷം സർക്കാരിൻെറ ഒരു ഉത്തരവ് വഴി ഉദ്യോഗത്തിൽ നിന്നും നീക്കംചെയ്യാവുന്നതാണ്;

എന്നാൽ, ഇക്കാര്യത്തിൽ അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകാതെ ഈ വകുപ്പിൻകീഴിൽ ഒരംഗത്തെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

12. ***ഡയറക്ടറുടെയും കമ്മീഷനിലെ മററ് ഉദ്യോഗസ്ഥരുടെയും നിയമനം*** – (1) സർക്കാരിന്, കമ്മീഷനുമായി ആലോചിച്ച്, ഈ ആക്ററിനാൽ നൽകപ്പെടുന്ന ചുമതലകൾ നിർവഹിക്കുന്നതിനു പുറമെ കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുമായി ഒരു ഡയറക്ടറെ നിയമിക്കാവുന്നതാണ്. സർക്കാരിന് കമ്മീഷനെ സഹായിക്കുന്നതിനായി ഡെപ്യൂട്ടേഷനിലോ നേരിട്ടുള്ള നിയമനം വഴിയോ കമ്മീഷന് ആവശ്യമാകാവുന്ന മററ് ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതും അവരുടെ സേവനവ്യവസ്ഥകൾ നിർണ്ണയിക്കാവുന്നതുമാണ്.;

എന്നാൽ നേരിട്ടുള്ള നിയമനത്തിൻെറ സംഗതിയിൽ 1958 –ലെ കേരളാസ്റേററ് ആൻറ് സബോർഡിനേററ്സ് സർവ്വീസ് ചട്ടങ്ങളിലെ 14, 15, 16, 17 എന്നീ ചട്ടങ്ങൾ ബാധകമാക്കേതാണ്.

(2) ഡയറക്ടറുടെ യോഗ്യതകളും നിയമനകാലാവധിയും മററു സേവനവ്യവസഥസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഡയറക്ടറും മററ് ഉദ്യോഗസ്ഥൻമാരും ഈ ആക്ററിൻ കീഴിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ചെയർപേഴ്സൻെറ ഭരണപരമായ നിയന്ത്രണത്തിന് വിധേയരായിരിക്കേതാണ്.

13. ***ശമ്പളം, ബത്തകൾ മുതലായവയ്ക്കുളള വ്യവസ്ഥ*** – അംഗങ്ങൾക്ക് നൽകേ ശമ്പളവും ബത്തകളും, ഡയറക്ടർക്കും, കമ്മീഷനിലെ മററ് ഉദ്യോഗസ്ഥൻമാർക്കും നൽകേ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും സംസ്ഥാന സഞ്ചിതനിധിയിൽ ചാർജ്ജു ചെയ്യപ്പെടേതാണ്.

14. ***വനിതാ സംഘടനകളുടെ രജിസ്ട്രേഷൻ*** – (1) ലിഖിതമായ ചട്ടങ്ങളോ റഗുലേഷനുകളോ അല്ലെങ്കിൽ ബൈലാകളോ മൂലം നിയന്ത്രിക്കപ്പെടുന്നതും സ്ത്രീകളുടെ ഉന്നമനത്തിനോ, വികസനത്തിനോ, ക്ഷേമത്തിനോ സ്ത്രീകളുടെ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോ പ്രവർത്തിച്ചു വരുന്നതുമായ ഏതൊരു വനിതാ സംഘടനയ്ക്കും മേൽ പ്രവർത്തനങ്ങളിൽ എല്ലാമോ അവയിലേതെങ്കിലുമോ ഒരു ലക്ഷ്യമാക്കിയിട്ടുള്ള മറേറതെങ്കിലും സംഘടനകളുടെ വനിതാ വിഭാഗത്തിനും, അങ്ങനെയുള്ള സംഘടനയെ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിലുള്ള ഫോറത്തിലും അങ്ങനെയുള്ള രീതിയിലും ഡയറക്ടറോട് അപേക്ഷിക്കാവുന്നതാണ്.

(2) ഡയറക്ടർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ അപേക്ഷകൾ പരിശോധിക്കേതും രജിസ്ട്രേഷന് യോഗ്യതയുള്ള സംഘടനകളെ കമ്മീഷനോട് ശുപാർശ ചെയ്യേതും മററു അപേക്ഷകൾ നിരസിക്കേതുമാണ്.

(3) കമ്മീഷന്, ശുപാർശ പരിഗണിക്കാവുന്നതും രജിസ്ററർ ചെയ്യപ്പെടാൻ യോഗ്യതയുള്ള സംഘടനയുടെ പേരും മററു വിവരങ്ങളും ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റററിൽ ചേർക്കുന്നതിന് നിർദ്ദേശിക്കാവുന്നതും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കററ് നൽകേതുമാണ്.

(4) കമ്മീഷന് ഏതു സമയത്തും, സ്വമേധയായോ മററു വിധത്തിലോ ഏതെങ്കിലും സംഘടനയുടെ രജിസ്ട്രേഷൻ, സംഘടനയ്ക്ക് പറയുവാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷവും ഒരു രജിസ്ടേർഡ് സംഘടനയായി തുടരാൻ അതിനു ഒട്ടുംതന്നെ യോഗ്യതയില്ലെന്ന് ബോദ്ധ്യമാകുന്നതിൻമേലും, റദ്ദ് ചെയ്യാവുന്നതാണ്.

(5) ഡയറക്ടറുടെ (2)-ാം ഉപവകുപ്പിൻ കീഴിലുള്ള തീരുമാനത്തിൽ സങ്കടമുള്ള കക്ഷിക്ക് നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അതിൻമേൽ കമ്മീഷൻ യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള അന്വേഷണത്തിനും കക്ഷിക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിന് ശേഷം, അതിൻമേൽ ഉചിതമായ ഉത്തരവുകൾ പാസ്സാക്കേതാണ്.

15. *കമ്മീഷൻെറ അധികാരങ്ങൾ* – (1) ഈ ആക്ററിൻകീഴിലുള്ള ഏതൊരു അന്വേഷണത്തിൻെറയും ആവശ്യത്തിലേക്ക്, താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് 1908 –ലെ സിവിൽ നടപടി നിയമസംഹിത (1908 –ലെ 5–ാം കേന്ദ്ര ആക്ററ്) യിൻ കീഴിൽ ഒരു വ്യവഹാരം വിചാരണചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ കമ്മീഷന് ഉായിരിക്കുന്നതാണ്.

(എ) ഏതൊരു സാക്ഷിയെയും സമൺ ചെയ്യുന്നതിനും അയാൾ ഹാജരാകുന്നത് നിർബന്ധിക്കുന്നതിനും അയാളെ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖകൾ കടെുക്കുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) ഏതെങ്കിലും പബ്ലിക് ഓഫീസിൽ നിന്നും ഏതെങ്കിലും പബ്ലിക് റിക്കാർഡുകളോ അവയുടെ പകർപ്പുകളോ ആവശ്യപ്പെടുന്നതിന്;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കുന്നതിന്.

(2) കമ്മീഷൻെറ മുമ്പാകെയുള്ള ഏതൊരു നടപടിയും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860– ലെ 45 –ാം കേന്ദ്ര ആക്ററ്) യിലെ 193 ഉം 228 ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിലുള്ള ഒരു നീതിന്യായ നടപടിയായിരിക്കുന്നതും 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974 –ലെ 2–ാം കേന്ദ്ര ആക്ററ്) 195 –ാം വകുപ്പിൻെറ ആവശ്യത്തിനു കമ്മിഷൻ ഒരു കോടതിയായി കരുതപ്പെടുന്നതുമാണ്.

16. ***കമ്മീഷൻെറ ചുമതലകൾ*** – (1) കമ്മീഷൻ താഴെപ്പറയുന്ന ചുമതലകൾ എല്ലാമോ അല്ലെങ്കിൽ അവയിലേതെങ്കിലുമോ നിർവ്വഹിക്കേതാണ്, അതായത് :-

(i) നീതിരഹിതമായ ഏതൊരു നടപടിയെയും കുറിച്ച് അന്വേഷിച്ച് അതിൻമേൽ തീരുമാനമെടുക്കുകയും ആ സംഗതിയിൽ സ്വീകരിക്കേ നടപടി സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്യുക;

(ii) സ്ത്രീകളെ സംബന്ധിക്കുന്ന പ്രധാന സംഗതികളേയും നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള സംഗതികളേയും കുറിച്ച് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും അതിൻമേൽ സ്വീകരിക്കേണ്ട തിരുത്തൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക.

(iii) സംസ്ഥാന സർക്കാരിന് –

(എ) നിലവിലിരിക്കുന്ന നിയമങ്ങളിൽ ഭരണഘടനാപരമായ തുല്യാവകാശത്തെയും സ്ത്രീകളോടുള്ള ഉചിതമായ പെരുമാററത്തെയും ബാധിക്കുന്ന പഴുതുകൾ, അപര്യാപ്തതകൾ, കുറവുകൾ ഇവയേയും അങ്ങനെയുള്ള സ്ഥിതി നേരിടുന്നതിന് സ്വീകരിക്കേണ്ട നിവാരക നിയമ നിർമ്മാണ നടപടികളെയും സംബന്ധിച്ച് വാർഷിക റിപ്പോർട്ട് സമർപ്പിക്കുക;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് സ്ത്രീകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന നിയമനങ്ങളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല അല്ലെങ്കിൽ അവ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നു തിരിച്ചറിയുന്നതിനായി അങ്ങനെയുള്ള നിയമങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും സ്വീകരിക്കപ്പെടേണ്ട ഭരണപരമോ നിയമനിർമ്മാണപരമോ ആയ നടപടികളെ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുക;

(സി) സംസ്ഥാന പബ്ലിക് സർവ്വീസുകളിലേക്കും സംസ്ഥാന പൊതു സംരംഭങ്ങളിലേക്കും നടത്തുന്ന നിയമങ്ങളും പ്രസ്തുത സർവ്വീസുകളിൽ നടത്തുന്ന പ്രമോഷനുകളും പരിശോധിക്കുകയും അങ്ങനെയുള്ള നിയമനങ്ങളിലും പ്രമോഷനുകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി ഏതെങ്കിലും ഉള്ള പക്ഷം അത് സർക്കാരിനു റിപ്പോർട്ടു ചെയ്യുന്നതിനായി അങ്ങനെയുള്ള നിയമങ്ങളേയും പ്രമോഷനുകളെയും നിയന്ത്രിക്കുന്ന ചട്ടങ്ങളുടെയും റെഗുലേഷനുകളുടേയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യുക;

(iv) (എ) സ്ത്രീകൾക്കെതിരെ നീതിരഹിത നടപടികൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുള്ള ജയിലുകളോ, പോലീസ് സ്റേറഷനുകളോ, ലോക്കപ്പുകളോ, സബ് ജയിലുകളോ, റെസ്ക്യൂ ഹോമുകളോ അല്ലേങ്കിൽ സ്ത്രീകളെ പാർപ്പിക്കുന്ന മററ് സ്ഥലങ്ങളോ അല്ലെങ്കിൽ സ്ത്രീകൾക്ക് സംരക്ഷണമോ അഭയമോ നൽകുന്ന ആവശ്യത്തിന് സർക്കാരിൽനിന്ന് സഹായം ലഭിക്കുന്ന ഏജൻസികൾ ഉൾപ്പെടെ സർക്കരോ അതിൻെറ ഏതെങ്കിലും ഏജൻസികളോ നടത്തുന്ന സ്ത്രീകൾക്കായുള്ള ഷെൽററുകളോ മററ് സ്ഥലങ്ങളോ അല്ലെങ്കിൽ സ്ത്രീകളെയും പെൺകുട്ടികളെയും ഉദ്ദേശിച്ച് ഏതൊരാളും നടത്തുന്ന ഹോസ്റ്റലുകളോ കൂടാതെ സ്ത്രീകൾക്കെതിരെ നീതിരഹിതമായ നടപടികൾ നടത്തപ്പെടുന്നുവെന്ന് പരാതിയുള്ള മററ് സ്ഥലങ്ങളും ഡയറക്ടറോ ഈ ആവശ്യത്തിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന കമ്മീഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കുകയോ പരിശോധിക്കാൻ ഇടയാക്കുകയോ ചെയ്യുകയും അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കു നൽകപ്പെടുന്ന പരിചരണത്തെ സംബന്ധിച്ച് കൂടുതലായ അന്വേഷണങ്ങൾ നടത്താൻ ഇടയാക്കുകയും നിവാരകനടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(ബി) ഏതെങ്കിലും പബ്ലിക് സെർവൻറ് സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷയോ ഗുരുതരമായ ഉദാസീനതയോ കാണിച്ചുവെന്ന് കമ്മീഷന് അഭിപ്രായമുള്ള സംഗതികളിൽ അച്ചടക്കം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അച്ചടക്കനടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുക;

(v) സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുക;

(vi) സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്രവും സ്വീകാര്യാത്മകവുമായ ഒരു പദ്ധതി രൂപീകരിക്കുകയും, അപ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നതിന് ഒരു പരിപാടി ആസൂത്രണം ചെയ്ത് സർക്കാരിൻെറ അംഗീകാരത്തിനായി അയയ്ക്കുകയും ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതിന് അംഗീകരം ലഭിക്കുന്നതിൻമേൽ അത് നടപ്പാക്കുകയും ചെയ്യുക;

(vii) സ്ത്രീകൾക്കെതിരെ ചെയ്യുന്ന കുററങ്ങൾ സംബന്ധിച്ച് ഏതൊരു നിയമത്തിൻകീഴിലാണ് ആ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ വ്യവസ്ഥ ചെയ്തിട്ടുള്ളത് അങ്ങനെയുള്ള നിയമത്തിൻകീഴിൽ സ്ത്രീകൾക്കെതിരെ ചെയ്യുന്ന കുററങ്ങൾ സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് തക്ക അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുവാൻ ഡയറക്ടറെ അധികാരപ്പെടുത്തുക;

(viii) താരതമ്യപഠനം ഉൾപ്പെടെ സ്ത്രകളുടെ സാമൂഹ്യ–സാമ്പത്തിക– രാഷ്ട്രീയ സ്ഥിതികളെക്കുറിച്ച് സമഗ്രമായ വിവരങ്ങളടങ്ങിയ ''ഡേററാ ബാങ്ക്'' സൂക്ഷിക്കുകയും അത് കാലാകാലങ്ങളിൽ പുതുക്കി സ്ത്രീകളുടെ അവകാശ സംരക്ഷണാർത്ഥമുള്ള നടപടികളിൽ പ്രയോജനപ്പെടത്തക്കവണ്ണം ലഭ്യമാക്കുകയും ചെയ്യുക.

(ix) പിൻതുടർച്ചാവകാശത്തിൻെറയും രക്ഷാകർതൃത്വത്തിൻെറയും ദത്തെടുക്കലിൻെറയും വിവാഹമോചനത്തിൻെറയും സംഗതിയിൽ വിവേചനം നീക്കം ചെയ്യുന്നതിനോ സ്ത്രീകളുടെ അന്തസ്സും മാതൃത്വത്തിൻെറ മാന്യതയും സംരക്ഷിക്കുന്നത് സംബന്ധിച്ച സംഗതികൾക്കോ ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുക;

(x) സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിലും അതിക്രമങ്ങളിലും നിന്നുൽഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങളെയോ പരിസ്ഥിതികളെയോ കുറിച്ച് പ്രത്യേക പഠനമോ അന്വേഷണമോ നടത്തുവാൻ ആവശ്യപ്പെടുകയും അവ ദൂരീകരിക്കുന്നതിനുള്ള

ഉപായതന്ത്രങ്ങൾ ശുപാർശ ചെയ്യുന്നതിലേക്ക് പ്രതിബന്ധങ്ങൾ തിരിച്ചറിയുകയും ചെയ്യുക;

(xi) സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക അഭിവൃദ്ധിക്കുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യുക;

(xii) ഒരു വലിയ വിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം ചെയ്യുക;

(xiii) സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും, പ്രത്യേകിച്ച് സ്ത്രീകൾ അദ്ധ്വാനിക്കുന്നത് ഏതെല്ലാം വിവിധ പ്രയാസങ്ങളുടെ കീഴിലാണോ അവ സംബന്ധിച്ച് സർക്കാരിലേക്ക് ആനുകാലിക റിപ്പോർട്ടുകൾ കൊടുക്കുക;

(xiv) എല്ലാ മേഖലകളിലും സ്ത്രീകളുടെ തക്ക പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറെറടുക്കുകയും, അവരുടെ അഭിവൃദ്ധി തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ അതായത്, ഭവനങ്ങളുടെ അടിസ്ഥാന സേവനങ്ങളുടെയും അപ്രാപ്യതയും അവരുടെ അദ്ധ്വാനഭാരവും ആരോഗ്യത്തിന് വൃത്തിപരമായുാവുന്ന അപായസാദ്ധ്യതയും കുറയ്ക്കുന്നതിനും അവരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉള്ള അടിസ്ഥാന സേവനങ്ങളുടെയും സാങ്കേതങ്ങളുടെയും അപര്യാപ്തതയും, തിരിച്ചറിയുകയും ചെയ്യുക;

(xv) സർക്കാർ അതിന് റഫർ ചെയ്യുന്ന മറേറതൊരു സംഗതിയും.

(2) സർക്കാർ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള കമ്മീഷൻെറ ശുപാർശകൾ നിയമസഭ മുമ്പാകെ അതിൻെറ അടുത്ത സമ്മേളനത്തിൽ വയ്ക്കേതും അപ്രകാരമുള്ള ശുപാർശകൾ സഭയുടെ മുമ്പാകെ വയ്ക്കുന്നതുമുതൽ ര് മാസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തെക്കൊ് അതിൻമേൽ നടപടി എടുപ്പിക്കാൻ ഇടയാക്കേതുമാണ്.

17. ***നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള അന്വേഷണം*** (1) കമ്മീഷൻ, നീതിരഹിതമായ ഏതൊരു നടപടിയെക്കുറിച്ചും -

(എ) ഏതെങ്കിലും സ്ത്രീയിൽ നിന്നും, താൻ ഏതെങ്കിലും നീതിരഹിതമായ നടപടിക്ക് വിധേയയാക്കപ്പെട്ടു എന്ന് ആരോപിച്ചുകൊുള്ള രേഖാമൂലമായ ഒരു പരാതി ലഭിക്കുന്നതിൻമേൽ അല്ലെങ്കിൽ സമാനമായ ഒരു പരാതി, ഏതെങ്കിലും രജിസ്റ്റർ ചെയ്ത വനിതാസംഘടനകളിൽ നിന്ന് ലഭിക്കുന്നതിൻമേൽ;

(ബി) അതിൻെറ സ്വന്തം അറിവിൻമേൽ അല്ലെങ്കിൽ അതിന് വിവരം ലഭിക്കുന്നതിൻമേൽ;

(സി) സർക്കാരിൽ നിന്നുള്ള ഏതെങ്കിലും അഭ്യർത്ഥനയിൻമേൽ അന്വേഷണം നടത്തേതാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ പരാതി നൽകിയിട്ടുള്ളിടത്ത്, കമ്മീഷന് ഏതാളിനെതിരെയാണോ പരാതി നൽകപ്പെട്ടിരിക്കുന്നത് ആ ആളിൻെറ പേർക്ക് ഏതെങ്കിലും പ്രോസസ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, പരാതി അന്വേഷിക്കപ്പെടേതാണ് അതിന് സ്വയം ബോധ്യമാകുന്നതിനുവേി, ഡയറക്ടറെക്കൊ് അതിന് യുക്തമെന്ന് തോന്നുന്ന രീതിയിലുള്ള ഒരു പ്രാഥമിക അന്വേഷണം നടത്താൻ ഇടയാക്കേതാണ്.

(3) ഏത് ആളിനെതിരായാണോ പരാതി നൽകിയിട്ടുള്ളത് അയാൾ ഹാജരാകുകയും കാരണം കാണിക്കുകയും അല്ലെങ്കിൽ ആ ആവശ്യത്തിലേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നിടത്ത്, കമ്മീഷന് പരാതിയിലെ സംഗതിയെ സംബന്ധിച്ച് അന്വേഷണം തുടരാവുന്നതും അതിൻമേൽ ഒരു തീരുമാനം എടുക്കാവുന്നതും അവിടെ നീതിരഹിതമായ ഒരു നടപടി ഉായി എന്ന് കമ്മീഷന് ബോദ്ധ്യമാകുന്ന പക്ഷം, അത് അതിൻമേൽ സ്വീകരിക്കേ നടപടിയെ സംബന്ധിച്ച് സർക്കാരിന് ശുപാർശ നൽകേതും അല്ലെങ്കിൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കേതും ആണ്.

(4) സർക്കാർ (3)-ാം ഉപവകുപ്പിൻ കീഴിൽ കമ്മീഷൻെറ ശുപാർശ ലഭിച്ച തീയതി മുതൽ ര് മാസത്തിനുള്ളിൽ അതിൻമേൽ ഒരു തീരുമാനം എടുക്കേതും ആയത് കമ്മീഷനെ അറിയിക്കേതുമാണ്.

18. **പ്രോസിക്യൂഷൻ ആരംഭിക്കൽ** - 17-ാം വകുപ്പിൻ കീഴിലുള്ള ഏതൊരു പരാതിയെക്കുറിച്ചും അന്വേഷണം നടത്തിയശേഷം, ഒരാൾ ഏതെങ്കിലും ക്രിമിനൽകുററം ചെയ്തിട്ടുന്നെും അങ്ങനെയുള്ള കുററത്തിന് അയാളെ ഒരു നിയമകോടതിയിൽ പ്രോസിക്യൂട്ട് ചെയ്യേതാണെന്നും കമ്മീഷന് ബോധ്യമാകുന്നപക്ഷം മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ലെങ്കിൽ, ആ അർത്ഥത്തിൽ അതിന് ഒരു ഉത്തരവ് പാസ്സാക്കാവുന്നതും ബന്ധപ്പെട്ട ആൾക്കെതിരെ പ്രോസിക്യൂഷൻ ആരംഭിക്കാവുന്നതും അങ്ങനെയുള്ള പ്രോസിക്യൂഷന് ഏതെങ്കിലും അധികാരസ്ഥാനത്തിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമുള്ളപക്ഷം, ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷൻ അഭ്യർത്ഥന നടത്തി മുപ്പതു ദിവസങ്ങൾക്കകം, ആ അധികാരസ്ഥാനം അങ്ങനെയുള്ള അനുമതി നൽകേതും, അങ്ങനെയുള്ള അനുമതി പ്രസ്തുത കാലയളവിനുള്ളിൽ അനുവദിക്കാത്തപക്ഷം അങ്ങനെയുള്ള അനുമതി ആ അധികാരസ്ഥാനം നൽകിയതായി കരുതപ്പെടേതുമാണ്.

19. ***വാർഷികറിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കേതാണെന്ന്*** -16-ാം വകുപ്പ് (1) -ാം ഉപവകുപ്പിലെ (iii) -ാം ഖണ്ഡത്തിനനുസൃതമായി സർക്കാരിന് കമ്മീഷൻ സമർപ്പിക്കുന്ന വാർഷികറിപ്പോർട്ട്, സർക്കാരിന് റിപ്പോർട്ട് ലഭിച്ചശേഷം കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേതാണ്.

20. ***കമ്മീഷന്റെ സിററിംഗുകൾ***– കമ്മീഷൻ, നീതിരഹിതമായ ഏതെങ്കിലും നടപടിയെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള സിററിംഗുകൾ സാധാരണയായി തിരുവനന്തപുരതത്ത് നടത്തേതും, എന്നാൽ അതിന് സംസ്ഥാനത്തിലെ മറേറതെങ്കിലും സ്ഥലത്ത് സിററിംഗ് നടത്താവുന്നതുമാണ്.

(2) കമ്മീഷൻ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന്റെ നടപടിക്രമവും കാര്യാദികളുടെ തീർപ്പാക്കലും നിയന്ത്രിക്കുന്നതിന് റഗുലേഷനുകൾ ഉാക്കേതും അങ്ങനെയുള്ള റഗുലേഷനുകൾ അവ ഉാക്കിയശേഷം ഗസററിൽ പ്രസിദ്ധീകരിക്കേതുമാണ്.

(3) കമ്മീഷന്റെ അംഗീകാരത്തോടുകൂടി ചെയർപേഴ്സന് ചെയർപേഴ്സന്റെയോ, കമ്മീഷന്റേയോ ഏതെങ്കിലും ചുമതലകൾ, കമ്മീഷനിലെ മറേറതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

21. ***കമ്മീഷന്റെ ഉത്തരവുകൾ മുതലായവയുടെ പ്രമാണീകരണം*** – കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും കമ്മീഷൻ പുറപ്പെടുവിക്കുന്ന മററു നടപടികളോ രേഖകളോ ഏതെങ്കിലുമുിൽ അവയും ഡയറക്ടറോ ഈ ആവശ്യത്തിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ഒപ്പിട്ട് പ്രമാണീകരിക്കേതാണ്.

22. ***കമ്മീഷനിലേക്കുള്ള സംഭാവനകൾ, അംശാദായങ്ങൾ മുതലായവ*** – സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദ ത്തോടെയും ഈ ആവശ്യത്തിലേക്ക് സർക്കാർ നിർണ്ണയിക്കാവുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായും ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഏതെങ്കിലും സംഘടനയിലോ ആളിലോ നിന്ന് പണം സംഭാവനയായോ അംശാദായമായോ മറേറതൊരു പേരിലോ അറിയപ്പെട്ടാലും കമ്മീഷന് സ്വീകരിക്കാവുന്നതാണ്.

23. ***സർക്കാർ കമ്മീഷനുമായി ആലോചിക്കണമെന്ന്*** – സർക്കാർ സ്ത്രീകളെ ബാധിക്കുന്ന എല്ലാ പ്രധാന നയപരമായ കാര്യങ്ങളെകുറിച്ചും, കമ്മീഷനുമായി ആലോചിക്കേതാണ്.

24. ***കമ്മീഷനിലെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവൻറുമാർ ആയിരിക്കുമെന്ന്*** – കമ്മീഷനിലെ എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും മററു ജീവനക്കാരും, ഈ ആക്ററിലെ വ്യവസ്ഥകളേതെങ്കിലും അനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ, ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860 –ലെ 45 –ാം കേന്ദ്ര ആക്ററ്) –ലെ 21 –ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവൻറുമാരായി കരുതപ്പെടേതാണ്.

25. ***ഉത്തമ വിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം*** – കമ്മീഷനിലെ ഏതെങ്കിലും അംഗത്തിനോ, കമ്മീഷനിലെ ഏതെങ്കിലും ഉദ്യേഗസ്ഥനോ എതിരെ ഈ ആക്ററിന്റെയോ, അതിൻകീഴിൽ ഉാക്കപ്പെട്ട ചട്ടങ്ങളുടെയോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച്, യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറേറതെങ്കിലും നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

26. ***കോടതികൾ ഇൻജംഗ്ഷൻ നൽകുവാൻ പാടുള്ളതല്ലെന്ന്*** – 1908 –ലെ സിവിൾ നടപടി നിയമ സംഹിതയിലോ (1908 –ലെ 5–ാം കേന്ദ്ര ആക്ററ്) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും യാതൊരു കോടതിയും ഈ ആക്ററിലെ വ്യവസ്ഥകളിൻകീഴിൽ എടുത്തുകൊിരിക്കുന്നതോ, അല്ലെങ്കിൽ എടുക്കാനിടയുള്ളതോ ആയ ഏതെങ്കിലും നടപടിയെ തടയുന്ന യാതൊരു ഇൻജംഗ്ഷനും നൽകുവാൻ പാടുള്ളതല്ല.

27. ***വൈഷമ്യങ്ങൾ നീക്കം ചെയ്യൽ*** – (1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉളവാകുന്ന പക്ഷം അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത എന്തും സർക്കാരിന് ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

(2) ഈ ആക്ററിലെ ആരംഭം മുതൽ രു വർഷക്കാലം കഴിഞ്ഞതിനുശേഷം (1) –ാം ഉപവകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൻകീഴിലുള്ള ഓരോ ഉത്തരവും അതുാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ മുൻപാകെ വയ്ക്കേതാണ്.

28. ***ചട്ടങ്ങൾ ഉാക്കുന്നതിനുള്ള അധികാരം*** – (1) സർക്കാരിന് ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്ന ആവശ്യത്തിലേക്ക് ഗസററ് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥചെയ്യാവുന്നതാണ്.

(എ) കമ്മീഷനിലെ അംഗങ്ങളുടെയും ഡയറക്ടറുടെയും മററ് ഉദ്യോഗസ്ഥൻമാരുടെയും ശമ്പളവും, അലവൻസുകളും മററ് സേവന വ്യവസഥകളും;

(ബി) 11–ാം വകുപ്പിൻകീഴിൽ കമ്മീഷനിലെ അംഗങ്ങളെ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമം;

(സി) 14–ാം വകുപ്പിൻകീഴിൽ രജിസ്ട്രേഷനുള്ള നടപടിക്രമം

(ഡി) ആക്ററിലെ 17–ാം വകുപ്പിൻകീഴിലുള്ള അന്വേഷണത്തിനുള്ള നടപടിക്രമം;

(ഇ) ഡയറക്ടർ നടത്തുന്ന അന്വേഷണങ്ങൾ;

(എഫ്) തടവുകാരായോ മററ് വിധത്തിലോ സ്ത്രീകളെ തടഞ്ഞുവച്ചിട്ടുള്ള ജയിലുകളോ, പോലീസ് സ്റ്റേഷനുകളോ, ലോക്കപ്പുകളോ സബ്ജയിലുകളോ, റസ്ക്യൂ ഹോമുകളോ കസ്ററഡിക്കുള്ള മററു സ്ഥലങ്ങളോ, സ്ത്രീകൾക്ക് രക്ഷയോ അഭയമോ നൽകുന്ന ആവശ്യത്തിന് സർക്കാരോ, സർക്കാരിൽനിന്ന് സഹായം ലഭിക്കുന്ന ഏജൻസികൾ ഉൾപ്പെടെ അതിൻെറ ഏതെങ്കിലും ഏജൻസിയോ നടത്തുന്ന സ്ത്രീകൾക്കുള്ള ഷെൽററുകളോ മററു സ്ഥലങ്ങളോ ഏതെങ്കിലും ആൾ നടത്തുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റലുകളോ, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ നീതിരഹിത നടപടികൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുള്ള അങ്ങനെയുള്ള മററു സ്ഥലങ്ങളോ പരിശോധിക്കുന്നതിനോ, അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകളോ പെൺകുട്ടികളോ വിധേയരാവുന്ന പെരുമാററത്തെ കുറിച്ച് അന്വേഷണം നടത്തുന്നതിനോ ഉള്ള നടപടിക്രമങ്ങൾ :

(ജി) ഒരു ഡേററാ ബാങ്ക് സൂക്ഷിക്കുന്നത് :

(എച്ച്) സ്ത്രീകൾക്ക് തുല്യ അവസരം ഉറപ്പാക്കുന്നതിനും അവരുടെ അഭിവൃദ്ധിക്കും ഉന്നമനത്തിനും വേി സമഗ്രവും സ്വീകാര്യാത്മകവുമായ ഒരു പദ്ധതിയുടെ രൂപീകരണവും അതു നടപ്പിലാക്കുന്നതിനുള്ള പരിപാടിയും.

(ഐ) സ്ത്രീകൾക്കെതിരെ ചെയ്യപ്പെടുന്ന ഏതൊരു നിയമത്തിൻെറയും കീഴിലുള്ള കുററങ്ങൾ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നതിനു നടപടിക്രമം:

(ജെ) നിർണ്ണയിക്കപ്പെടാവുന്നതോ നിർണ്ണയിക്കപ്പെടേതോ ആയ മറേറതെങ്കിലും സംഗതി.

(3) ഈ ആക്ററിൻ കീഴിൽ ഉാക്കുന്ന ഏതൊരു ചട്ടവും അതുാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിൻെറ മുൻപാകെ (ആകെ പതിനാല് ദിവസത്തേക്ക് അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രു സമ്മേളനങ്ങളിലോ പെടാം.) വയ്ക്കേതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ചട്ടം ഉാക്കേതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ചട്ടത്തിന് അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്ത യാതൊന്നിൻെറയും സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതുമാണ്.

(ശരി തർജ്ജമ)

കെ. മാധവൻനായർ,

നിയമവകുപ്പ്, അഡീഷണൽ സെക്രട്ടറി.